# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4140 16.03.2017-ലെ മറുപടി

### കോട്ടയം ജില്ലയിലെ കുടിവെള്ള ക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് : | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പു മന്ത്രി) | |
| എ | കോട്ടയം ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത് | എ | കോട്ടയം ജില്ലയിൽ 45 ചെറുകിട ശുദ്ധജല വിതരണ പദ്ധതികളും 8 വൻകിട ശുദ്ധജല പദ്ധതികളും പ്രവർത്തിച്ചു വരുന്നുണ്ട്. വരൾച്ചാക്കാലത്തെ ജലക്ഷാമം പരിഗണിച്ച് പ്രസ്തുത ജലവിതരണ പദ്ധതികളുടെ പ്രവർത്തനം മുടക്കം കൂടാതെ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്രോതസ്സുകളിൽ ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി പാല, കോസടി എന്നീ പദ്ധതികളിൽ താൽക്കാലിക ബണ്ടുകൾ നിർമ്മിച്ച് നദിയിലെ ജലവിതാനം ഉയർത്തി നിർത്തിയിട്ടുണ്ട്. നദിയിലെ കയങ്ങളിൽ നിന്നും ഡീസൽ പമ്പ് ഉപയോഗിച്ച് കിണറ്റിലേയ്ക്ക് പമ്പ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ മുണ്ടക്കയം, എരുമേലി എന്നീ പദ്ധതികളിൽ ചെയ്തിട്ടുണ്ട്.<br>കൂടാതെ ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് ദീർഘകാല അടിസ്ഥാനത്തിൽ പുതിയ ശുദ്ധജല വിതരണ പദ്ധതികളുടെ പ്രവർത്തികൾ ഏറ്റെടുത്ത് എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഏറ്റെടുത്ത് എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കോട്ടയം ജില്ലയിൽ സ്വീകരിച്ച ദുരിതാശ്വാസ നടപടികളുടെ ഭാഗമായി ജലസ്രോതസ്സുകൾ നവീകരിച്ചു. കുഴൽ കിണറുകളുടേയും ഹാൻഡ് പമ്പുകളുടേയും അറ്റകുറ്റപണികൾ പൂർത്തീകരിച്ചു. ജല അതോറിറ്റിയുടെ സ്രോതസ്സുകളുടെ നവീകരണം, പമ്പിംഗ് സംവിധാനങ്ങളിലേയും, വിതരണ ലൈനുകളിലേയും അറ്റകുറ്റപണികൾ എന്നീവ പൂർത്തീകരിച്ചു. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ തടയണകൾ നിർമ്മിച്ചു. ഭൂജലവകുപ്പിന്റെ അനുമതിയില്ലാതെ കുഴൽകിണറുകൾ കുഴിക്കുന്നത് നിരോധിച്ചു. കുടിവെള്ള വിതരണത്തിനായി അനുമതി നൽകിയ പ്രദേശങ്ങളിൽ |

| | | |
|---|---|---|
| | | സ്ഥാപിക്കുന്നതിനായി 180 കിയോസ്കുകൾക്കുള്ള പർച്ചേസ് ഓർഡർ നൽകി ടി വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്ലാറ്റ് ഫോമുകളുടെ നിർമ്മാണം പൂർത്തിയാക്കി. ജില്ലയിലെമ്പാടുമുള്ള ജല ലഭ്യതയുള്ള പാറ മടകളും കുളങ്ങളും സംബന്ധിച്ച വിവരശേഖരണം നടത്തി. കുടിവെള്ളക്ഷാമം രൂക്ഷമായുള്ള പ്രദേശങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതു വരെ വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നത് ആരംഭിച്ചു. |
| ബി | വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായ കുമരകം, അർപ്പുക്കര, തിരുവാർപ്പ് എന്നീ മേഖലകളിൽ വാഹനത്തിൽ ശുദ്ധജലം എത്തിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോ? | ബി പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധി ഉപയോഗിച്ച് വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട തഹസീൽദാർക്ക് ആർപ്പുക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി 03.03.2017-ൽ സമർപ്പിക്കുകയും അന്ന് തന്നെ അനുമതി നൽകുകയും ചെയ്തു. തിരുവാർപ്പ്, കുമരകം എന്നീ ഗ്രാമപഞ്ചായത്തുകൾ ഇപ്രകാരം ഉള്ള അപേക്ഷ തഹസീൽദാർക്ക് ഇതു വരെ സമർപ്പിച്ചിട്ടില്ല. ഇത്തരത്തിൽ ടാങ്കർ ലോറികളിലേയ്ക്ക് വെള്ളം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏറ്റുമാനൂർ ശുദ്ധീകരണ ശാലയിലും, ചെങ്ങളം (കുമരകം തിരുവാർപ്പ് പദ്ധതി) ശുദ്ധീകരണ ശാലയിലും കേരള വാട്ടർ അതോറിറ്റി ഏർപ്പെടുത്തിയിട്ടുണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ